# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4761 14 .11.2019 ൽ മറുപടിക്ക്

## കരമന-കളിയിക്കാവിള ദേശീയപാത വികസനം

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഭാഗമായി കാട്ടാക്കട-വിഴിഞ്ഞം റോഡുകളെ ബന്ധിപ്പിച്ച് ബാലരാമപുരം കവലയിൽ അടിപ്പാത നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കരമന-കളിയിക്കാവിള ദേശീയപാത വികസനത്തിന്റെ ഭാഗമായി കാട്ടാക്കട-വിഴിഞ്ഞം റോഡുകളെ ബന്ധിപ്പിച്ചിട്ടുള്ള അടിപ്പാത നിർമ്മാണത്തിന്റെ സാധ്യതാ പഠനത്തോടനുബന്ധിച്ചുള്ള Topographic Survey യും മണ്ണിന്റെ ഘടന പരിശോധിക്കുന്നതിനുള്ള Soil investigation നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. ടി Investigation Report അടിസ്ഥാനമാക്കി Detailed Design ലഭിച്ചാൽ പദ്ധതിക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | അടിപ്പാത നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ; | (ബി) | പദ്ധതിക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ ഏജൻസിയെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ |
| (സി) | ബാലരാമപുരം ജംഗ്ഷനിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്കിന് ശാശ്വത പരിഹാരം കാണുവാൻ ഈ അടിപ്പാത സഹായകമാകുമോ; വിശദമാക്കാമോ? | (സി) | നിലവിൽ ഉള്ള ഗതാഗതകുരുക്കിന് വലിയൊരളവിൽ പരിഹാരം കാണാൻ അടിപ്പാത വഴി സാധിക്കും. ബാലരാമപുരം ജംഗ്ഷനിൽ പ്രധാനമായും ഗതാഗതകുരുക്കുണ്ടാകാൻ കാരണം കാട്ടാക്കട–വിഴിഞ്ഞം റോഡിലെ വാഹനങ്ങൾ എൻ.എച്ച്. ക്രോസ് ചെയ്യുന്നതാണ്. അടിപ്പാത വരുന്നതോടുകൂടി ഇത് ഒഴിവാകും. അതിന്റെ ഭാഗമായുള്ള ഗതാഗതക്കുരുക്ക് അങ്ങിനെ ഒഴിവാക്കാനാവുന്നതാണ്. |

സെക്ഷൻ ഓഫീസർ